**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1829** **13-02-2025 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന ചെക്പോസ്റ്റുകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ചാണ്ടി ഉമ്മൻ</th><th colspan="2">ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>കേരളാതിർത്തിയിൽ എത്ര മോട്ടോർ വാഹന ചെക്ക്പോസ്റ്റുകൾ ഉണ്ട്; പ്രസ്തുത ചെക്ക്പോസ്റ്റുകളിൽ എത്ര ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്നും ഏതെല്ലാം വിഭാഗത്തിൽ പെടുന്നവരാണെന്നും വിശദമാക്കാമോ;</td><td>(എ)</td><td>മോട്ടോർ വാഹന വകുപ്പിനു കീഴിൽ 19 സ്ഥിരം ചെക്ക് പോസ്റ്റുകളും ഒരു താത്കാലിക ചെക്ക് പോസ്റ്റും നിലവിലുണ്ട്. പ്രസ്തുത ചെക്ക് പോസ്റ്റുകളിലായി 23 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും 73 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും 62 ഓഫീസ് അറ്റൻഡന്റുമാരും ഉൾപ്പെടെ 158 ജീവനക്കാരാണു ജോലി ചെയ്തിരുന്നത്.<br><br>എന്നാൽ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള 03/02/2025 ലെ സർക്കുലർ നമ്പർ 03/2025 പ്രകാരം 8 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും 20 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും 20 ഓഫീസ് അറ്റൻഡന്റുമാരും ഉൾപ്പെടെ 48 ജീവനക്കാരാണ് നിലവിലുള്ളത്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ചെക്പോസ്റ്റുകളിൽ നിന്നും 2024 വർഷത്തിൽ സർക്കാരിന് എത്ര രൂപ വരുമാനം ലഭിച്ചുവെന്നും ചെക്ക്പോസ്റ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെ 2024 വർഷത്തിൽ എത്ര രൂപ ചെലവ് ആയി എന്നും കണക്കുകൾ നൽകാമോ;</td><td>(ബി)</td><td>ചെക്ക് പോസ്റ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് 2024 വർഷത്തിൽ ജീവനക്കാരുടെ ശമ്പള ഇനത്തിൽ പ്രതിമാസം ശരാശരി 93,83,750/- രൂപ ചെലവഴിക്കുന്നുണ്ട്.<br><br>ചെക്പോസ്റ്റുകളിൽ നിന്നും 2024 വർഷത്തിൽ സർക്കാരിന് ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു.<br><br><table><tr><th>Financial Year</th><th>Amount Collected</th></tr><tr><td>2023-2024 (2023 April -2024 March)</td><td>27,35,51,156/-</td></tr><tr><td>2024 (April 1st – Dec 31)</td><td>96,035,822/-</td></tr></table></td></tr>
<tr><td>(സി)</td><td>മോട്ടോർ വാഹന ചെക്പോസ്റ്റുകൾ നിർത്തലാക്കാൻ കേന്ദ്ര നിർദേശം ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?</td><td>(സി)</td><td>കേന്ദ്ര സർക്കാരിന്റെ RT-23018/47/2021-T dated 6/9/2021, RT-23018/19/2023-T dated 15/10/2024 എന്നീ കത്തുകളുടെ അടിസ്ഥാനത്തിൽ മോട്ടോർ</td></tr>
</table>

| | | | |
|---|---|---|---|
| | | | വാഹന വകുപ്പിനു കീഴിലുള്ള സംസ്ഥാന അതിർത്തി ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം നിർത്തലാക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. ചെക്കു പോസ്റ്റുകളുടെ പ്രവർത്തനം പൂർണ്ണമായും ഓൺലൈൻ രീതിയിൽ ക്രമീകരിച്ചു കൊണ്ട് അവയുടെ പ്രവർത്തനം നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ